**കേരള സർക്കാർ**

ധനകാര്യ (പ്ലാനിംഗ്-എ) വകുപ്പ്

**<u>പരിപത്രം</u>**

നം.16/2020/ധന

തിരുവനന്തപുരം, തീയതി 31/03/2020

വിഷയം :- റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം (RPIS) – COVID-19 ന്റെ പശ്ചാത്തലത്തിൽ ഡിസംബർ 2019, ജനുവരി 2020, ഫെബ്രുവരി 2020 എന്നീ മാസങ്ങളിലെ ബില്ലുകൾ അപ്ലോഡ് ചെയ്യുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുന്നത്- സംബന്ധിച്ച്.

സൂചന :- 1) 03-07-2015 തീയതിയിലെ സ.ഉ.(പി)നം.269/2015/ധന നമ്പർ സർക്കാർ ഉത്തരവ്.
2) 12-10-2016 തീയതിയിലെ സ.ഉ.(പി)നം.152/2016/ധന നമ്പർ സർക്കാർ ഉത്തരവ്.
3) റബ്ബർ ബോർഡിന്റെ 19-03-2020 തീയതിയിലെ 17/1/2019-20/RPD/RPIS നമ്പർ കത്ത്.

സംസ്ഥാനത്തെ റബർ കർഷകർക്ക് ന്യായവില ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സൂചന-1 ലെ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനു കീഴിൽ സബ്സിഡി ലഭിക്കുന്നതിന് റബ്ബർ കർഷകർ അവരുടെ ബില്ലുകൾ ഇൻവോയിസ് തീയതി മുതൽ 3 മാസത്തിനുള്ളിൽ RPIS പോർട്ടലിൽ അപ്ലോഡ് ചെയ്തിരിക്കണമെന്ന് സൂചന-2 ലെ സർക്കാർ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിരുന്നു. എന്നാൽ COVID-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ രോഗ വ്യാപനം തടയുന്നതിന്റെ ഭാഗമായി റബ്ബർ ബോർഡ് റബ്ബർ ഉത്പാദക സംഘങ്ങളിൽ നിന്നും ബില്ലുകൾ സ്വീകരിക്കുന്നത് 30.04.2020 വരെ നിർത്തി വച്ചിരിക്കുന്നതായും ആയതിനാൽ ഡിസംബർ 2019, ജനുവരി 2020, ഫെബ്രുവരി 2020 എന്നീ മാസങ്ങളിലെ ബില്ലുകൾ അപ്ലോഡ് ചെയ്യുന്നതിന് സമയം ദീർഘിപ്പിച്ചു നൽകണമെന്ന് സൂചന-3 ലെ കത്ത് മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനു കീഴിൽ ഡിസംബർ 2019, ജനുവരി 2020, ഫെബ്രുവരി 2020 എന്നീ മാസങ്ങളിലെ ബില്ലുകൾ ഇൻവോയിസ് തീയതി മുതൽ 5 മാസത്തിനുള്ളിൽ RPIS പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിന് അനുമതി നൽകുന്നു.

**പ്രീത ബി. എസ്.**
**ധനകാര്യ അഡീഷണൽ സെക്രട്ടറി**

പകർപ്പ് :

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർ ബോർഡ്, കോട്ടയം
നോഡൽ ഓഫീസർ, www.finance.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ